**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 813** — **06-12-2022 - ൽ മറുപടിയ്ക്ക്**

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 2022 ഓഗസ്റ്റ് 26 ന് ഒ.എ. (എറണാകുളം)-820/2022എന്ന കേസിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിൽ പ്രൊമോഷൻ വഴി നികത്തേണ്ട ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ / ഓഡിറ്റർ തസ്തികയിലേക്ക് യോഗ്യരായവർ ഇല്ലാത്തതിനാൽ നികത്തപ്പെടാതെ കിടന്നിരുന്ന 29 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിനായി എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ; | (എ) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 2022 ഓഗസ്റ്റ് 26-ന് ഒ.എ.(ഇ.കെ.എം.) നം.820/2022 എന്ന കേസിൽ പുറപ്പെടുവിച്ച ഉത്തരവിൽ നേരിട്ടുള്ള നിയമനത്തിനായി ഏതെങ്കിലും ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യാനാണ് നിർദ്ദേശം നൽകിയത്. ആയത് പ്രകാരം വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എൻ.ജെ.ഡി. ഒഴിവും വകുപ്പിൽ നിന്നും മാതൃവകുപ്പിലേക്ക് തിരികെ പോയത് പ്രകാരം ഉണ്ടായ ഒഴിവും കോടതി ഉത്തരവ് പാലിച്ച് പി.എസ്.സി. -ക്ക് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (ബി) | പ്രസ്തുത വിധി വന്ന ശേഷവും പ്രസ്തുത ഒഴിവുകൾ പി.എസ്.സി .ക്ക് റിപ്പോർട്ട് ചെയ്യാതെ 2022 ഒക്ടോബർ 1 ന് 16 പേർക്കും ഒക്ടോബർ 20 ന് ഒരാൾക്കും വീണ്ടും പ്രൊമോഷൻ നൽകുകയും ചെയ്യാനുള്ള കാരണം വിശദമാക്കുമോ; | (ബി) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 2022 ഓഗസ്റ്റ് 26-ന് ഒ.എ.(ഇ.കെ.എം.) നം.820/2022 എന്ന കേസിൽ പുറപ്പെടുവിച്ച ഉത്തരവിൽ നേരിട്ടുള്ള നിയമനത്തിനായി ഏതെങ്കിലും ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യാനാണ് നിർദ്ദേശം നൽകിയത്. ആയത് പ്രകാരം വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എൻ.ജെ.ഡി. ഒഴിവും വകുപ്പിൽ നിന്നും മാതൃവകുപ്പിലേക്ക് തിരികെ പോയത് പ്രകാരം ഉണ്ടായ ഒഴിവും കോടതി ഉത്തരവ് പാലിച്ച് പി.എസ്.സി. -ക്ക് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (സി) | നിലവിൽ പ്രൊമോഷൻ വഴി നികത്തുവാനുള്ള ഇൻസ്പെക്ടർ / ഓഡിറ്റർ തസ്തികകളുടെ എത്ര ഒഴിവുകളാണ് യോഗ്യരായവർ ഇല്ലാത്തതിനാൽ ഒഴിഞ്ഞു കിടക്കുന്നത് വിശദാംശം ലഭ്യമാക്കുമോ; | (സി) | സഹകരണ വകുപ്പിൽ പ്രൊമോഷൻ വഴി നികത്തുവാനുള്ള ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികകളിൽ 4 ഒഴിവുകളാണ് നിലവിലുള്ളത്. |
| (ഡി) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ / ഓഡിറ്റർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി | (ഡി) | സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ഓഡിറ്റർമാരുടെ സ്ഥിരം തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി |

| | | | |
|---|---|---|---|
| | നിലവിലുള്ള എത്ര ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വിശദീകരിക്കുമോ; | | നിലവിലുള്ള ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സി. -യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | 2023-ൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ / ഓഡിറ്റർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായുള്ള എത്ര പ്രതീക്ഷിത ഒഴിവുകളാണ് ഉള്ളത്; ഇത് പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | സഹകരണ വകുപ്പിൽ 2023-ൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായുള്ള 44 പ്രതീക്ഷിത ഒഴിവുകളാണ് ഉള്ളത്. ടി ഒഴിവുകൾ പി.എസ്.സി. -യിലേക്ക് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ